# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷിക സർവ്വകലാശാല

മേലെ പട്ടാമ്പി (തപാൽ), പാലക്കാട് ജില്ല, 679 306 (പിൻ), കേരളം

ഫോൺ: +91 466 2212228, ഇമെയിൽ – rarsptb@kau.in; വെബ് – www.rarsptb.kau.in


നം. ഡി3/366/2025

തിയ്യതി: 07.02.2025

## ക്വട്ടേഷൻ നോട്ടീസ്

ഈ ഗവേഷണ കേന്ദ്രത്തിൽ മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിനാവശ്യമായ ആയുർവ്വേദ കഷായ ചണ്ടി നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

## വ്യവസ്ഥകളും നിബന്ധനകളും

1. ഒരു ക്യുബിക് മീറ്റർ കഷായ ചണ്ടി, പട്ടാമ്പി, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ എത്തിച്ചു നൽകുന്നതിന് ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ തുക വെള്ളക്കടലാസിൽ രേഖപ്പെടുത്തി പൂർണ്ണ മേൽവിലാസം എഴുതി ഒപ്പിട്ടാണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്.
2. രേഖപ്പെടുത്തിയ വില, നികുതി ബാധകമാണെങ്കിൽ അത്, വണ്ടി വാടക, കയറ്റിറക്കുകൂലി എന്നിവ ഉൾപ്പെട്ടതായിരിക്കണം.
3. ഇപ്രകാരം തയ്യാറാക്കിയ ക്വട്ടേഷനുകൾ കവറിനകത്ത് അടക്കം ചെയ്ത് ഒട്ടിച്ച് 'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി (പി.ഒ), പാലക്കാട് – 679 306' എന്ന വിലാസത്തിൽ 27.02.2025 ന് ഉച്ചക്കു മുൻപ് 11.00 മണിക്കോ അതിനു മുൻപോ ആയി തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
4. ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് 'കഷായ ചണ്ടി നൽകുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം.
5. ലഭിച്ച ക്വട്ടേഷനുകൾ 27.02.2025 ന് ഉച്ചക്കു മുൻപ് 11.30 ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുകയും ഏറ്റവും കുറഞ്ഞ തുക ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത തുകയ്ക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്.
6. ഈ ഗവേഷണ കേന്ദ്രത്തിൽ നിന്ന് നൽകുന്ന സപ്ലൈ ഓർഡർ അനുസരിച്ചാണ് കഷായ ചണ്ടി എത്തിച്ച് നൽകേണ്ടത്. സപ്ലൈ ഓർഡർ ലഭിച്ച് ഏഴ് ദിവസത്തിനകം സാധനം നൽകിയിരിക്കണം.
7. ഇൻവോയ്സ് അടിസ്ഥാനത്തിൽ ബാങ്ക് മുഖേനയായിരിക്കും ഉത്പന്നത്തിന്റെ വില നൽകുക. പണം മുൻകൂർ നൽകുന്നതല്ല.
8. ലോഡുകൾ വെയ്ബ്രിഡ്ജിൽ തൂക്കി ആയതിന്റെ രശീതി ഇൻവോയ്സിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്.
9. സാധനത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തേണ്ടതും കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതും ക്വട്ടേഷൻ ലഭിച്ചയാളുടെ ഉത്തരവാദിത്തമാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം കരാർ റദ്ദുചെയ്യുന്നതിന് അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന് അധികാരമുണ്ടായിരിക്കും.

10. സർക്കാർ ക്വാട്ടേഷനുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ക്വാട്ടേഷനും ബാധകമായിരിക്കും.

(ഒപ്പ്)

**ഡോ. പി രാജി**

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താവ്: നോട്ടീസ് ബോർഡ് - ഓഫീസ്/ഫാം/കാന്റീൻ/മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/കെ.എ.യു വെബ്സൈറ്റ്

പകർപ്പ്: ഡോ. പി പി മൂസ, പ്രഫസർ (സോയിൽ സയൻസ്)

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ